**ICPS 4(A)/2879/18**

വനിത-ശിശു വികസന ഡയറക്ടറേറ്റ് (അനക്സ്)
സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി
പൂജപ്പുര,തിരുവനന്തപുരം
തീയതി: 22.06.2018

**<u>സർക്കുലർ</u>**

വിഷയം: വനിത-ശിശു വികസന വകുപ്പ്.-ICPS-SCPS- വിവിധ ജെ.ജെ.സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാരുടെ TA/DA അനുവദിക്കുന്നത് സംബന്ധിച്ച്.

പരാമർശം : ജെ.ജെ.സ്ഥാപന കൗൺസിലർമാരുടെ 18.04.2018 ലെ അപേക്ഷ.

വനിത-ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ. സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാർക്ക് വിവിധ പരിശീലന പരിപാടികളിലും മീറ്റിങ്ങുകളിലും,മറ്റ് ഔദ്യോഗിക പരിപാടികളിലും പങ്കെടുക്കുന്നതിനു യാത്രാബത്തയും മറ്റ് അലവൻസുകളും ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ആയതിനാൽ ജെ.ജെ.സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാർ വിവിധ ഔദ്യോഗിക പരിപാടികളിൽ പങ്കെടുക്കുന്നതിനു ലഭിക്കേണ്ട യാത്രാബത്തയും മറ്റ് അലവൻസുകളും സംബന്ധിച്ച വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി തൊട്ടടുത്ത മാസംതന്നെ അതാത് സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കേണ്ടതും സ്ഥാപന സൂപ്രണ്ട് ആയത് പാസാക്കിയതിനുശേഷം ആവശ്യമായ തുകയ്ക്കുള്ള പ്രൊപ്പോസൽ എസ്.സി.പി.എസിൽ ലഭ്യമാക്കേണ്ടതുമാണ്. ജീവനക്കാരുടെ യാത്രാബത്ത ബില്ലുകൾ കാലതാമസം കൂടാതെ പാസാക്കി നൽകുവാൻ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വനിത-ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജെ.ജെ.സ്ഥാപന മേധാവികൾക്കും
എല്ലാ ജെ.ജെ.സ്ഥാപന കൗൺസിലർമാർക്കും

<u>പകർപ്പ്</u>

- ICPS 4
- സ്റ്റോക്ക് ഫയൽ